പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 78 10/06/2019- ൽ മറുപടിയ്ക്ക്

ഓപ്പറേഷൻ ജൻമഭൂമി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ. എം. രാജഗോപാലൻ | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പരിസ്ഥിതിയ്ക്ക് ദോഷകരമായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി ഓപ്പറേഷൻ ജന്മഭൂമി എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ: :എങ്കിൽ വിശദമാക്കുമോ ; | എ) റോഡ് അരികത്തും, പൊതു സ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുമുള്ള സ്ഥലങ്ങളിൽ വനം വകുപ്പ് വച്ച് പിടിപ്പിച്ചതും, റോട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി ഓപ്പറേഷൻ ജന്മഭൂമി എന്ന പദ്ധതിയുടെ ശിപാർശ വനം വകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽ നിന്നും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |

| | |
|---|---|
| ബി) ഏതെല്ലാം തദ്ദേശീയ വൃക്ഷങ്ങളാണ് പദ്ധതി പ്രകാരം വച്ചുപിടിപ്പിക്കുന്നതെന്ന് അറിയിക്കുമോ; | ബി) അക്കേഷ്യ തോട്ടങ്ങൾ മുറിച്ച് നീക്കിയ ശേഷം തദ്ദേശീയ വൃക്ഷങ്ങളായ ഞാവൽ, മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും, കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും തടിയ്ക്കനുയോജ്യമായ തേക്ക്, ഈട്ടി പൂവരശ്, കമ്പകം, കരിമരുത്, വെള്ളകിൽ തുടങ്ങിയവയും ഔഷധ ഇനത്തിൽപ്പെട്ട കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി, അശോകം, പതിമുഖം തുടങ്ങിയവയും , കൂടാതെ മുള, ഈറ, ചൂരൽ എന്നിവയും നട്ടുപിടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) വിവിധ സാമൂഹ്യ വനവൽക്കരണ പദ്ധതികൾ പ്രകാരം വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ കൃത്യമായി പരിപാലിച്ച് അവയുടെ അതിജീവന നിരക്ക് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം | സി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം വിതരണം ചെയ്യുന്നതും, നട്ടുപിടിപ്പിച്ചതുമായ വൃക്ഷത്തൈകളുടെ അതീജിവന ശതമാനം കണക്കാക്കുന്നതിനും പരിപാലനത്തിന് മേൽനോട്ടം വഹിക്കുന്നതിനും സർക്കാർ ഉത്തരവു പ്രകാരം കമ്മിറ്റികൾ നിലവിലുണ്ട്. ഇത് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികൾക്ക് തൈ ഒന്നിന് 17 രൂപ (പതിനേഴ് രൂപ) നിരക്കിലാണ് വിതരണം ചെയ്യുന്നത്. ആയതിനാൽ ടി വൃക്ഷത്തൈകളുടെ പരിപാലനം സ്വഭാവികമായും അവർതന്നെ ഉറപ്പാക്കികൊള്ളും. തൈകളുടെ അതിജീവനശതമാനം കണക്കാക്കുന്നതിന് കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് സർവ്വെ നടത്താറുണ്ട്. വഴിയോരത്തണൽ പദ്ധതി പ്രകാരം വഴിയോരങ്ങളിൽ വച്ചു പിടിപ്പിക്കുന്ന വൃക്ഷത്തൈകൾ കന്നുകാലികളിൽ നിന്നും മറ്റും |

| | |
|---|---|
| നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ? | സംരക്ഷിക്കുന്നതിനായി ട്രീ ഗാർഡ് സംരക്ഷണം നൽകുകയും, കാലാകാലങ്ങളിൽ കളകൾ നീക്കം ചെയ്യുകയും പരിപാലനത്തിന് സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, ഫീൽഡ് സ്റ്റാഫുകൾ എന്നിവരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. കൂടാതെ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെ കുറിച്ചും അവ സംരക്ഷിക്കുന്നതിനായി ചെയ്യേണ്ട പ്രവർത്തികളെ കുറിച്ചും വിവിധ തലങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം നടപ്പാക്കുന്നുണ്ട്. വൃക്ഷത്തൈകളുടെ ആവശ്യം ഓരോ വർഷവും വർദ്ധിച്ചുവരുന്നത് ബോധവൽക്കരണ പദ്ധതിയുടെ ഫലമായിട്ട് ഉണ്ടായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ